# രണ്ടാനകൾ തമ്മിലൊരു സംവാദം.

ജോൺ ഇളമത

(ഇത് കേവലമൊരു ഹാസ്യചിത്രീകരണം മാത്രം.ഹാസ്യത്തിന് മുൻതൂക്കം കൊടുത്ത് വായിപ്പാനപേക്ഷ)

ഹേ,ഫോമാ നിങ്ങൾക്കെന്തു പാരമ്പര്യം!നിങ്ങൾ എത്ര ഉത്സവങ്ങൾ കൂടിയിട്ടുണ്ട്.എത്രപേർ തിടമ്പേറ്റിയിട്ടുണ്ട്.

ഒന്നു ചുമ്മാതിരിക്കെൻെറ ഫോക്കാനാ!കളി ഞങ്ങളാടുവേണ്ടാ,വളരുമ്പോൾ പിളരുകയും ,പിളരുമ്പോൾ വളരുകയും ചെയ്യുന്ന പാരമ്പര്യം നമ്മുക്കില്ലേ.

അതൊക്കെ ബലക്ഷയമാ.കസേരകളി നിർത്തി നമ്മളൊന്നാകണ്ട സമയം കഴിഞ്ഞു.സാംസ്ക്കാരികത്തി രാഷ്ട്രീയം വന്ന് പരസ്രം ചെളിവാരി എറിഞ്ഞാ ആർക്കാ ദോഷം,നമ്മുക്കു രണ്ടുകൂട്ടർക്കും. ഫോമാ പറഞ്ഞു:-

നിങ്ങളെൻെറ അമ്മയാ, കാര്യമൊമൊക്കെ ശരി. ഞനൊരാണാ,കുട്ടിക്കൊമ്പനാ, കൊമ്പു പോലും വളർന്ന് ഉറച്ചിട്ടില്ലാത്ത.ആരാണ്ടൊക്കെ പീഢിപ്പിച്ച ജാരസന്തതിയാണേലും ഞാനൊരാണാണല്ലോ,പുല്ലിഗം!

എന്നാ നിൻെറ അമ്മയായാ ഞാൻ, സ്ത്രീല്ലിംഗം തന്നാ.ആരാണ്ടൊന്നും പീഢിപ്പിച്ച് ഒണ്ടായതല്ല നീ,അസ്സല് തന്തക്കു പിറന്നവനാ നീ!പക്ഷേ ആ രഹസ്യം ഞാൻ മറച്ചുവെക്കും. യൗവനത്തിൻെറ തുടിപ്പിൽ ഒരു പ്രലോഭനത്തി പെട്ടുപോയതാ.കുളി തെറ്റിയപ്പഴാ കളി കൈവിട്ടു പോയത്.എന്നാലും നീ എൻെറ മോനല്ലേ.നീ എപ്പോ വന്നാലും ഞാം നന്നെ കൈനീട്ടി സ്വീകരിക്കും.

ഒും,അതുവേണ്ടാ,ആർക്കും അറിയാംവയ്യാത്ത ഒരു സൂത്രം ഞാനമ്മോടു പറയാം!ഇനിയൊരു ചെവി അറിയത്തില്ലങ്കി,ആണഇട്ട് ഉറപ്പുപറഞ്ഞാ!

ഉം പറമോനേ,സത്യംസത്യമായും ഇനി ഒരു ചെവീം അറീല്ല!

എന്നാ ചെവിലോട്ട് പറയാം.ഞാം ജനിച്ചതാണായിട്ടാണേലും മോഴയാ!

ഒും!അതെന്തോ കുന്തമാ!

ഹോ,ഇത്രേം പ്രായമായിട്ടും അമ്മക്കറിയത്തില്ലേ അത്!

അങ്ങനെ ഒന്ന് കേട്ടിട്ടു കൂടിയില്ല,തെളിച്ചങ്ങു പറ.

ഫോമാ(നാണത്തിൽ)തുമ്പികൈ വയിതിരുകി വലത്തെ കാലിൻെറ കാൽനഖം കൊണ്ട് കളംവരച്ച്:-ഞാനൊരാണാന്നാ എല്ലാരടേം വിചാരം,പക്ഷേ!

പക്ഷേ!

എന്തുപക്ഷേ?

ഞാനൊരു ഭിന്നലിംഗമാ!

ഫോമാ (നെറ്റിചുളിച്ച്)അതെന്തോന്നു വകുപ്പാ!

ആണുമല്ല,പെണ്ണുമല്ലാ!,ങാ,സാരമില്ല.എന്നോടൊരു പ്രശസ്തനായ മലയാളി സർജ്ജൻ പറഞ്ഞിട്ടൊണ്ട്, ശരിയാക്കി തരാമെന്ന്,ഏതുലിംഗം വേണേലും! അങ്ങോരു മാറ്റിമറിക്കും!

ആൾജിബ്രാ പോലയോ!

അതേ,അതേ,ആണായിട്ടോ,പെണ്ണായിട്ടോ!പക്ഷേ എനിക്കിഷ്ടം പെണ്ണാകാനാ.

നാണിച്ചു ചിരിക്കാനും,കടക്കണ്ണുകൊണ്ട് കവിത ചമക്കാനും പണ്ടേ നിനക്ക് താല്പര്യമാരുന്നത്, ചെറുപ്പത്തി കണ്ട്, നിന്നെപറ്റി നിൻെറ തള്ളയായ ഈ ഫോക്കാന നെടുവീർപ്പെട്ടിട്ടുണ്ട്.അന്നും ഇന്നും നിനക്കല്പ്പം മാറൊണ്ടാരുന്നു.പക്ഷേ മീശേം,കൊമ്പും വന്നപ്പം ഞാനങ്ങു സമാധാനിച്ചു,ങാ പോട്ടെ അങ്ങനേം ആണുങ്ങളൊണ്ടല്ലോന്ന്,ഗേന്ന് പറേന്ന കൂട്ടര്!

പെണ്ണുങ്ങളിലുമുണ്ട് ഇക്കൂട്ടര്!,നീ കേട്ടിട്ടില്ലേ ലസ്ബിയനെന്ന്.കുറ്റം പറയാംഞാനില്ല,ഇതെല്ലാം പ്രകൃതീടെ വികൃതിയാണന്ന് പറഞ്ഞ് കളിയാക്കാനും ഞാനില്ല.ഈലോക ജീവതം ഒന്നേഒള്ളൂ,എന്തായാലും എൻജോയ് ചെയ്ത് ജീവിക്കുക.പക്ഷേ നീ ഒരു പെണ്ണാകുന്നതെന്തോത്തിനാ.ഈ വന്ന കാലം സർവ്വത്ര പീഢനമാ,ഞാം പെറ്റപോലൊന്നുമല്ല പീഢനം!അത് ഒരസുഖമാടീ,ഒടുവി ചെലപ്പം കൊല്ലുകേം ചെയ്യും ,മണ്ണെണ്ണ ഒഴിച്ചു ചുട്ടോ,കത്തിക്കു വെട്ടിയോ മറ്റോ.പീഢകനാരണ ന്ന് അറിയാണ്ടിരിക്കാൻ!

ഒും,ഞാം പെണ്ണാകുന്നത്,എനിക്കൊരു കാമുകനൊള്ളോണ്ടാ.വളരെ നാളായി ഞങ്ങളു ലൗവാ.

ആരാ ആള്?

അല്പ്പം പ്രായകൂടുതലൊള്ള ഒരാളാ,അമ്മ അറിയത്തില്ലേ,ആ കൊമ്പമീശക്കാരൻ ബോഡീ ബ്യൂട്ടി ശവുമേലിനെ!

അയാളോ?,നിൻെറപ്പനാകാം പ്രായമൊണ്ടല്ലോടീ,അയാളൊന്നു കെട്ടി ഭാര്യേം ഉപേക്ഷിച്ചു നടക്കുന്നോനല്ലിയോ!

അതേ, അയാളു പാവമാ,കൊമ്പമീശേം,മസ്സിലുമൊക്കെ ഒണ്ടേതന്നെ.പിന്നെ അയാളെ കെട്ടിയാ ഒരുത്തനും എന്നെ പീഢിപ്പിക്കാം പൊറകേ നടത്തില്ല, പേടിച്ച്!,പിന്നെ മറ്റൊരു നല്ല കാര്യേം, കൊച്ചുങ്ങളുമൊണ്ടാകത്തില്ല!

എന്നൊന്നും പറയാമ്പറ്റത്തില്ല ഫോമാമോനെ,അയാക്കമ്പതി താഴെ പ്രായമല്ലേ ഒള്ളൂ!

പറയാംമ്പറ്റും,ഫോമാകൊമ്പൻ പൊട്ടിച്ചിരിച്ചു പറഞ്ഞു:-അയാള് ചിന്നഭിന്നലിംഗമാ!

അതെന്തോന്നാ?

അയാള് ഒരു ടീനേജിനെ പീഢിപ്പിച്ചതു ഭാര്യകണ്ടു,അത് കഴിഞ്ഞ് ഭാര്യ അയാടെ ലിംഗം മുറിച്ചു,ഇപ്പോ പാതിയേ ഒള്ളൂ,അതോണ്ട് അക്കാര്യോന്നുമിന്ന് നടപ്പില്ല,ഞാം സെയ്ഫാ!!